I/18776/2023

'ഭരണഭാഷ-മാതൃഭാഷ'

ഡയറക്ടർ ജനറലിന്റെ കാര്യാലയം,
ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ആസ്ഥാനം,
ഫയർഫോഴ്സ് ജംഗ്ഷൻ,
തിരുവനന്തപുരം-1.
Phone: 0471-2320872.
Email-hq.frs@kerala.gov.in

നമ്പർ: FIREHQ/2702/2022-F3 തീയതി: 20-02-2023

## ഉത്തരവ്

വിഷയം: കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ആസ്ഥാനം, തിരുവനന്തപുരം ഹോംഗാർഡുകളുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കൽ, ഹാജർ സാക്ഷ്യപ്പെടുത്തൽ ,റാങ്ക് ലിസ്റ്റ് കാലാവധി നിജപ്പെടുത്തൽ - നടപടികൾ സ്വീകരിക്കുന്നതിനായി -ഉത്തരവ് പുറപ്പെടുവിക്കുന്നു

സൂചന: ബഹു.ഡയറക്ടർ ജനറലിന്റെ അദ്ധ്യക്ഷതയിൽ 02.12.2022 ൽ ചേർന്ന യോഗ തീരുമാനം

............

വകുപ്പിലെ നിലവിലുള്ള പല ഹോംഗാർഡുകൾക്കും പ്രായാധിക്യം മൂലം ആരോഗ്യ പ്രശ്നങ്ങളും കായികക്ഷമത കുറവുള്ളതായും ബോധ്യപ്പെട്ടിട്ടുണ്ട് .നിലവിൽ ഹോംഗാർഡുകളുടെ റാങ്ക് ലിസ്റ്റിന് കാലപരിധി നിശ്ചയിച്ചിട്ടില്ലാത്തതാണ് .ഹോം ഗാർഡുകളെ തെരഞ്ഞെടുക്കുന്നതിനുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി രണ്ട് വർഷമായി നിജപ്പെടുത്തേണ്ടതാണെന്നും ഹോം ഗാർഡ്കളുടെ ഹാജർ സ്റ്റേഷൻ ഹൗസ് ഓഫീസർ/സ്റ്റേഷൻ ആഫിസർ സാക്ഷ്യപെടുത്തിയാൽ മതിയാകും എന്നും ,ഹോം ഗാർഡ്കളുടെ ആരോഗ്യ നില സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന വിഷയങ്ങളിലും സൂചന പ്രകാരമുള്ള യോഗത്തിൽ തീരുമാനമെടുത്തു.ആകയാൽ താഴെ പറയുന്ന ഉത്തരവുകൾ പുറപെടുവിക്കുന്നു.

1) ഹോം ഗാർഡ്കളുടെ ഹാജർ മേലിൽ ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർമാർ /സ്റ്റേഷൻ ആഫിസർമാർ സാക്ഷ്യപെടുത്തിയാൽ മതിയാകും .

2) അസിസ്റ്റന്റ് സർജനിൽ കുറയാത്ത റാങ്കുള്ള സർക്കാർ ഡോക്ടറിൽ നിന്നും ആരോഗ്യ നില സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കി ഹോം ഗാർഡുകൾ ഓരോ വർഷവും ജില്ലാ ഫയർ ആഫിസർക്ക് സമർപ്പിക്കേണ്ടതാണ്.

3) ഹോംഗാർഡുകളുടെ നിയമനത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി ലിസ്റ്റ പ്രസിദ്ധീകരിക്കുന്ന തിയതി മുതൽ രണ്ട് വർഷമായി പരിമിതപെടുത്തുന്നു.പുതിയ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കേണ്ടതും,പുതിയ റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് നിലവിലെ റാങ്ക് ലിസ്റ്റുകൾ ക്യാൻസൽ ആക്കേണ്ടതുമാണ് .

വിശ്വസ്തതയോടെ,

Approved By
DIRECTOR GENERAL

Signed by
Santhosh Kumar K
Date: 20-02-2023 13:04:04

പകർപ്പ്: എല്ലാ റീജിയണൽ/ ജില്ലാ ഫയർ ഓഫീസർമാർക്കും
എല്ലാ സ്റ്റേഷൻ ആഫിസർ മാർക്കും
ഐ .റ്റി.വിംഗ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു )
ആസ്ഥാനആഫിസിലെ ജി 1 സെക്ഷൻ
CA to DG/DT/DA